"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ഉമ്പൂർ റൂറൽ ഹൈസ്കൂളിലെ എഫ്.ടി.എം. ശ്രീമതി ശരണ്യ ഒ.ആർ. ഫയൽ ചെയ്ത 9729/2025 നമ്പർ റിട്ട് പെറ്റീഷനിൽ 13.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4608/2025/GEDN തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:- 1. റിട്ട് ഹർജി നം.9729/2025 നമ്പർ റിട്ട് പെറ്റീഷനിൽ 13.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.06.2025 തീയതിയിലെ ഇസി5/10721/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ഉമ്പൂർ റൂറൽ ഹൈസ്കൂളിലെ എഫ്.ടി.എം. ശ്രീമതി ശരണ്യ ഒ.ആർ. ഫയൽ ചെയ്ത 9729/2025 നമ്പർ റിട്ട് പെറ്റീഷനിൽ 13.03.2025 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജ്ജിക്കാരന്റെ Ext.P5 റിവിഷൻ പെറ്റിഷൻ പരിശോധിച്ച് വിധിപകർപ്പ് കിട്ടി നാലു മാസത്തിനുള്ളിൽ തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. ടി സ്കൂളിൽ ശ്രീമതി.ശരണ്യ ഒ.ആർ.-നെ ഫുൾടൈം മീനിയൽ തസ്തികയിൽ 27/03/2019 മുതൽ നിയമനാംഗീകാരം ലഭിച്ചിരുന്നു. പിന്നീട് ടി സ്കൂളിൽ ക്ലാർക്ക് തസ്തികയിലുണ്ടായ വിരമിക്കൽ ഒഴിവിൽ ശ്രീമതി.ശരണ്യയെ 01/06/2024 മുതൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. എന്നാൽ ടിയാൾക്ക് ഫുൾടൈം മീനിയൽ തസ്തികയിൽ 27/03/2019 മുതൽ നിയമനമുണ്ടെന്നും നിയമിതയായ തീയതിയിൽ തന്നെ ബിരുദം, ബിരുദാനന്തര ബിരുദം എന്നീ യോഗ്യതകൾ നേടിയിരുന്നതായും കാണിച്ച് ജില്ലാവിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റം നിരസിച്ചു. തുടർന്ന് ശ്രീമതി.ശരണ്യ.ഒ.ആർ-ന്റെ 27/03/2019 മുതലുള്ള ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ റദ്ദ് ചെയ്യുകയുണ്ടായി. അതോടൊപ്പം ശ്രീമതി. ശരണ്യ ഇതുവരെ കൈപ്പറ്റിയ ശമ്പളാനുകൂല്യങ്ങൾ ബാധ്യതയായി കണക്കാക്കി ആയത് ഈടാക്കാനും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്. എന്നാൽ ടി ഉത്തരവുകൾ ക്രമവിരുദ്ധമാണെന്നും തന്റെ എഫ്.ടി.എം നിയമനം റദ്ദ് ചെയ്ത നടപടി റദ്ദ് ചെയ്ത് അംഗീകാരം പുനഃസ്ഥാപിക്കണമെന്നും ശമ്പളാനുകൂല്യങ്ങൾ തിരിച്ചു പിടിക്കാനുള്ള ഉത്തരവും റദ്ദ് ചെയ്യണമെന്നും അതോടൊപ്പം

സ്ഥാനക്കയറ്റവും അംഗീകരിക്കണമെന്നും റിവിഷൻ ഹർജ്ജിയിൽ ശ്രീമതി.ശരണ്യ ആവശ്യപ്പെട്ടിരിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

തൃശ്ശൂർ തുമ്പൂർ ആർ.എച്ച്.എസ്.ലെ ഫുൾടൈം മീനിയൽ ശ്രീമതി.സുനിത എം.വി.യ്ക്ക് 27/03/2019 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. ശരണ്യ ഒ.ആർ.നെ ഫുൾടൈം മീനിയൽ തസ്തികയിൽ 27/03/2019 മുതൽ മാനേജർ നിയമിച്ചിരുന്നു. തുടർന്ന് ക്ലാർക്കായ ശ്രീ.അഭി ജോസഫ് 31/05/2024-നു വിരമിച്ച ഒഴിവിൽ ശ്രീമതി.ശരണ്യയെ 01/06/2024 മുതൽ സ്ഥാനക്കയറ്റം നൽകി ക്ലാർക്ക് തസ്തികയിൽ മാനേജർ നിയമിച്ചിരുന്നു. 04/06/2016-ലെ സ.ഉ.(പി) 12/16/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഏഴാം ക്ലാസ്സ് ജയിച്ചിരിക്കണം എന്നും ബിരുദധാരികൾ ആവരുതെന്നും പ്രസ്തുത ഉത്തരവിന് 01/07/2011 മുതൽ പ്രാബല്യമുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.ശരണ്യയുടെ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാൾക്ക് ഫുൾടൈം മീനിയൽ തസ്തികയിൽ 27/03/2019 മുതൽ നിയമനമുണ്ടെന്നും നിയമിതയായ തീയതിയിൽ തന്നെ ബിരുദം, ബിരുദാനന്തര ബിരുദം എന്നീ യോഗ്യതകൾ നേടിയിരുന്നതായും ടിയാരിയുടെ ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനവേളയിൽ യഥാർത്ഥ യോഗ്യത മറച്ചുവച്ച് എസ്.എസ്.എൽ.സി. മാത്രം കാണിച്ചാണ് ടി തസ്തികയിൽ നിയമനാംഗീകാരം നേടിയതെന്നു ജില്ലാവിദ്യാഭ്യാസ ഓഫീസർ കണ്ടെത്തുകയും ചട്ടം 43 അവകാശി എന്ന നിലയിലുള്ള സ്ഥാനക്കയറ്റം അംഗീകരിക്കാൻ സാധിക്കില്ല എന്ന കാരണത്താൽ ക്ലാർക്ക് തസ്തികയിലെ നിയമനം നിരസിക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവിനെ കബളിപ്പിച്ച് നേടിയ ടിയാരിയുടെ ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനം റദ്ദ് ചെയ്യുന്നതിനായി ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിംഗ് നടത്തുകയും ശ്രീമതി.ശരണ്യ ഒ.ആർ-ന്റെ 27/03/2019 മുതലുള്ള ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനം റദ്ദാക്കുകയും ചെയ്തു ശ്രീമതി. ശരണ്യക്ക് നിയമനാംഗീകാരം നൽകിയത് വഴി സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതിൻ പ്രകാരം 27/03/2019 മുതൽ 30/10/2024 വരെ 17,88,117/- രൂപ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി കൈപ്പറ്റിയതായി പ്രധാനാധ്യാപകൻ അറിയിക്കുകയും തെറ്റായി നിയമനം നടത്തി ഗവണ്മെന്റിനു സാമ്പത്തിക ബാധ്യത ഉണ്ടാക്കിയ മാനേജരോട് ടി തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെഇആർ ചാപ്റ്റർ XXIV (B) റൂൾ 4 അനുസരിച്ച് സർക്കാർ സ്കൂൾ അദ്ധ്യാപക ജീവനക്കാർക്കുള്ള യോഗ്യത എയ്ഡഡ് സ്കൂളുകൾക്കും ബാധകമായതിനാൽ എയ്ഡഡ് സ്കൂളുകൾ 04.06.2016ലെ സ.ഉ.(പി)നം.12/2016/പി&എആർഡി നം. ഉത്തരവ് പാലിക്കാൻ ബാധ്യസ്ഥരാണ്. എയ്ഡഡ് സ്കൂൾ അധ്യാപകേതര ജീവനക്കാർക്കുള്ള യോഗ്യത സർക്കാർ സ്കൂളിലെ അധ്യാപകേതര ജീവനക്കാർക്കുള്ള യോഗ്യത തന്നെയായിരിക്കണം. എന്നാൽ, കെ.ഇ.ആർ.ൽ അധ്യാപകേതര ജീവനക്കാർക്ക് അധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥയുള്ളതിനാൽ, 04.06.2016-ന് മുമ്പ് നിയമനം ലഭിച്ച ബിരുദ യോഗ്യതയുള്ളവർക്കും, ബിരുദ യോഗ്യതയില്ലാത്ത 04.06.2016 ന് ശേഷം നിയമനം ലഭിച്ചവരും എന്നാൽ നിയമനം നേടിയ ശേഷം ബിരുദ യോഗ്യത നേടിയവർക്കും ഇളവ് നൽകാവുന്നതാണ്

എന്ന് 06.11.2024 ലെ സർക്കാർ കത്ത് J3-308/2022/G.Edn പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി.ശരണ്യ ഒ.ആർ.-ന്റെ ഫുൾടൈം മീനിയൽ തസ്തികയിലെ നിയമനം 27/03/2019 മുതലായതിനാൽ ടി തസ്തികയിലെ നിയമനം അംഗീകരിക്കാനാവില്ലയെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ചുകൊണ്ട് അപ്രകാരം ശ്രീമതി.ശരണ്യ ഒ.ആർ. ഫയൽ ചെയ്ത 9729/2025 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു: ഹൈക്കോടതിയുടെ 13/03/2025ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി ശരണ്യ ഒ.ആർ, എഫ്.ടി.എം., റൂറൽ ഹൈസ്കൂൾ, ഉമ്പൂർ, തൃശ്ശൂർ - 680 662
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട
മാനേജർ, റൂറൽ ഹൈസ്കൂൾ, ഉമ്പൂർ, തൃശ്ശൂർ - 680 662
പ്രധാനാധ്യാപിക, റൂറൽ ഹൈസ്കൂൾ, ഉമ്പൂർ, തൃശ്ശൂർ - 680 662
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 11-07-2025 10:44:45

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.